പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 07, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ

ചോദ്യം : 2301

ശ്രീ.രാജു എബ്രഹാം

മറുപടി :

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals) ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | പ്രതിമാസം എത്ര രൂപ വീതമാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്നത്; ഇതിന് പ്രത്യേക സ്ലാബ് ഉണ്ടോ; എത്ര രൂപ വരെയാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ചികിത്സാ ആനുകൂല്യമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | |
| (സി) | സർക്കാർ ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിൽ ആർക്കൊക്കെയാണ് ചികിത്സാ ഇൻഷ്വറൻസിന്റെ ആനുകൂല്യം ലഭിക്കുക; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ